032 2M78:11 E9 MADHYAMAVYAYOGAM NARAYANA MENON

032:2M78:11
E9

032:2M78:11 E9
VALLATHOL NARAYANA
...vayayogam.
MUL
051130

DOCTRINA·VIM·PROMOVET INSITAM

# Madras University Library.

## Date Label.

Ac. No. 51130 Cl. No. 032:2M78:11 E9

This book should be returned on or before the date last marked below.

26 OCT 1952

# മദ്ധ്യമവ്യായോഗം

(ഭാസന്റെ ഒരു കൃതി)

പരിഭാഷകൻ

രാജശ്രീ വള്ളത്തോൾ നാരായണമേനോൻ അവർകൾ,

കവിതിലകൻ.

പ്രസാധകൻ

ബ്രഹ്മശ്രീ പി. വാസുദേവൻനമ്പൂതിരി

അച്ചിപ്പുറം—കോട്ടക്കൽ.

ഒന്നാംപതിപ്പു, കോപ്പി 550.

കോട്ടക്കൽ,

ലക്ഷ്മീസഹായം അച്ചുക്കൂടം.

Price annas 6)    1095    (വില 6 ...)

പ്രസാധകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമായിരിക്കും.

UNIVERSITY ... APR. 19.. MADRAS

51130

E9

UNIVERSITY LIBRARY
MADRAS

# അവതാരിക

"ഹാസൊ ഭാസഃ" എന്നിങ്ങിനെ കവിതാകാമിനിയുടെ മന്ദഹാസമായി പ്രശംസിക്കപ്പെട്ടിരിക്കുന്ന ഭാസമഹാകവി സംസ്കൃതസാഹിത്യപ്രണയികളുടെ സ്മൃതിപഥത്തിൽ ചിരപരിചിതനാണെങ്കിലും, ഇത്രമാത്രം പ്രാശസ്ത്യത്തിന്നിടവരുത്തീട്ടുള്ള അദ്ദേഹത്തിന്റെ ആ പ്രസിദ്ധമായ നാടകചക്രമാകട്ടെ മറ്റേതെങ്കിലും കൃതികളാകട്ടെ ഈ അടുത്ത കാലംവരെ, നിർഭാഗ്യവശാൽ, ആരുടേയും ദൃഷ്ടിപഥത്തിൽ പെട്ടിരുന്നതായി ഒരു കേട്ടുകേൾവിപോലുമുണ്ടായിരുന്നില്ല. എന്നാൽ, എതാനുംസംവത്സരങ്ങൾക്കുമുമ്പു തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ തിരുവുള്ളമുണ്ടായി അവിടുത്തെ കൊട്ടാരത്തിൽ കിടപ്പുള്ള താളിയോലഗ്രന്ഥങ്ങൾ പരിശോധിച്ചു പ്രസിദ്ധപ്പെടുത്തുവാൻ കല്പനയായതു് അതിപ്രകാശമാനമായ പ്രസ്തുതചക്രത്തിന്റെ ഉദയത്തിന്നുള്ള അരുണോദയമായിത്തീർന്നു എന്നു സന്തോഷപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇങ്ങിനെ നമ്മുടെ ഭാഗ്യവശാൽ വീണ്ടും ഉദിച്ചുകാണ്മാനിടവന്ന ആ ദിവ്യതേജസ്സിന്റെ പല കിരണങ്ങളും ഇതിന്നുമുമ്പുതന്നെ കേരളസാഹിത്യലോകത്തിൽ പ്രകാശിച്ചു് സഹൃദയന്മാരെ തട്ടിയു

ണർത്തിക്കഴിഞ്ഞിട്ടുണ്ട്. ആ കൂട്ടത്തിൽ പെട്ട ഒരു മയൂഖരേഖയുടെ വിവർത്തനമാണ് പ്രസ്തുതപുസ്തകരൂപേണ പുറത്തുകാണുന്നത്.

ഭാസമഹാകവിയുടെ കൃതികളെപ്പറ്റി ഇവിടെ വിശേഷിച്ചൊന്നും പറയാനില്ല. ഇപ്പോൾ ഭാസകൃതികളാണെന്നുവെച്ച് പുറത്തുവന്നിട്ടുള്ള പുസ്തകങ്ങളിൽ പലതും ആ മഹാകവിയുടെ കൃതികളല്ലെന്നു ചിലർ ആക്ഷേപിക്കുന്നുണ്ട്. കൽക്കത്തയിൽനിന്നു പ്രസിദ്ധപ്പെടുത്തിവരുന്ന 'മോഡറൻ റിവ്യു' എന്ന പത്രഗ്രന്ഥത്തിൽ പ്രസ്തുതഭാസകൃതികളെപ്പറ്റി ഒരു നിരൂപണം ചെയ്തിരുന്നതിൽ ആ വിധം ഒരാക്ഷേപം വായിച്ചതായി ഓർമ്മയുണ്ട്. അതിനുപുറമെ, ഇപ്പോൾ ഭാസകൃതികളായി പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളെല്ലാം ആ മഹാകവിയുടെ കൃതികളല്ലെന്നും, കേരളത്തിൽ സംസ്കൃതനാടകാഭിനയം ധാരാളമായി പ്രചരിച്ചിരുന്ന ഒരു കാലത്തു ഭാസനാടകങ്ങൾതന്നെ അന്നത്തെ ആളുകളുടെ രുചിക്കും നടന്മാരുടെ അഭിനയസൌകര്യത്തിനും യോജിച്ചതരത്തിൽ വല്ല കവികളും മാറ്റം ചെയ്തിട്ടുള്ളവയായിരിക്കണമെന്നും നമ്മുടെ നാട്ടിലും ചില സഹൃദയന്മാർക്കഭിപ്രായമുണ്ട്. അവരവരുടെ സരസ്വതീപ്രസാദംപോലെ പ്രസ്തുതസംഗതിയിൽ അനുകൂലമായോ പ്രതികൂലമായോ പലതും പറയാമെന്നല്ലാതെ സൂക്ഷ്മസ്ഥിതി എന്താണെന്ന് ഇപ്പോൾ ആർക്കും പറയാൻ നിവൃത്തിയി

ല്ല. ഇനി വേണമെങ്കിൽ ഇപ്പോൾ കിട്ടിയ മാർഗ്ഗത്തിൽനിന്നല്ലാതെ വേറെ വല്ല ദിക്കിൽ നിന്നും ഭാസകൃതികളുടെ കയ്യെഴുത്തുപ്രതികൾ കണ്ടുകിട്ടുകയും, രണ്ടിലേയും പാഠങ്ങൾക്കു പറയത്തക്ക ഭേദഗതികൾ കാണുകയുംചെയ്താൽ ഇതിൽ പക്ഷേ വല്ല കൃത്രിമവുമുണ്ടെന്നു സമ്മതിക്കാം. ഏതായാലും ഒരു കാര്യം തീർച്ചയാണ്. ഇപ്പോൾ നമുക്കു കിട്ടിയ കൃതികളിൽ അധികവും ഭാസൻ്റെ അല്ലെങ്കിൽ അതുപോലെതന്നെയുള്ള ഒരു മഹാകവിയുടെ മനോധർമ്മഫലമാണെന്നു തീർച്ചതന്നെ. എന്തുകൊണ്ടെന്നാൽ, ഈ വക കൃതികളിലെല്ലാം അത്രയ്ക്കുമാത്രം ഒരു സ്വാരസ്യവിശേഷം കാണുന്നുണ്ടല്ലോ. അതുകൊണ്ട് ഇനി മറ്റൊരുവിധത്തിൽ തെളിവു കിട്ടുന്നതുവരെ, ഇപ്പോൾ നമുക്കു കിട്ടീട്ടുള്ള കൃതികളുടെ കർത്താവു ഭാസമഹാകവിയാണെന്നുതന്നെ വിശ്വസിക്കേണ്ടിയിരിക്കുന്നു.

ഭാസകൃതികളായി ചില വ്യായോഗങ്ങളുമുള്ളതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് മദ്ധ്യമവ്യായോഗം. അതു മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകൾ തർജ്ജമചെയ്തതാണ് ഇപ്പോൾ വായനക്കാരുടെ മുമ്പിൽ അവതരിക്കുന്നത്. ഭാസൻ്റെ ആശയരസികത്വം മലയാളവായനക്കാർക്കു മനസ്സിലാകണമെങ്കിൽ 'മലയാളിടാഗോർ' തന്നെ തർജ്ജമചെയ്യണമെന്നു ഇതിൻ്റെ മൂലവും ഭാഷാന്തരവുംകൂടി വായിക്കുന്നവർക്കൊക്കെ തോന്നാതിരിക്കയി

ല്ല. തർജ്ജമക്ക് അത്രമാത്രം ഒരു തന്മയത്വം സർവ്വത്ര കാണുന്നുണ്ട്.

ഇതിലെ കഥാവസ്തുവിനെക്കുറിച്ച് വളരെയൊന്നും പറയാനില്ല. ഘടോൽക്കചന്റെ ബാധയിൽനിന്ന് ഒരു ബ്രാഹ്മണകുടുംബത്തെ ഭീമസേനൻ രക്ഷിക്കുന്നതേ ഇതിൽ ഒരു വിഷയമായിട്ടുള്ളു. എങ്കിലും ഭീമസേനന്റെയും പുത്രനായ ഘടോൽക്കചന്റെയും പരാക്രമപ്രൌഢി, ബ്രാഹ്മണർക്കു ജാത്യാ ഉള്ള സാധുസ്വഭാവം, ഹിഡിംബയുടെ ഭർത്തൃഭക്തി ഇങ്ങിനെ വായനക്കാർക്കു ഹൃദയാകർഷകമായിത്തീരുന്ന പലതും ഇതിലുണ്ട്. എന്നാൽ "ഊരുഭംഗ"ത്തിലെപ്പോലെ മർമ്മസ്പൃക്കുകളായ ഭാഗങ്ങൾ അത്രവളരെ ഇതിൽ കാണുമോ എന്നു സംശയമാണ്. സന്ദർഭങ്ങളുടെ ഭേദഗതികൊണ്ട് ആവശ്യം വരുന്നതായ ആവക വ്യത്യാസങ്ങൾക്ക് ആരും ഉത്തരവാദിയല്ലല്ലോ.

കോട്ടക്കൽ
95 മകരം 30നു

പി. വി. കൃഷ്ണവാരിയർ

V. Narayanan

# മദ്ധ്യമവ്യായോഗം

(പിന്നെ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ:—

ത്രൈലോക്യം നേർക്കളപ്പാൻ മുതിരുമളവിലേറ്റു-
തൊന്നു വൈഡൂര്യരത്ന-
പ്പാലംപോലേ വിളങ്ങി ഗഗനവലയമാ-
ക്കുന്ന വാരാശിതന്നിൽ,
ആ ലക്ഷ്മീകാന്തപാദം, കുവലയകുസുമ-
സ്വച്ഛനിസ്ത്രിംശനീലം,
പാലിക്കട്ടേ ഭവാന്മാർകളെയസുരവധൂ-
ലോകശോകൈകമൂലം. 1

ആര്യമിശ്രന്മാരോട് ഇപ്രകാരം അറിയിക്കുകതന്നെ. എയ്, ഞാൻ അറിയിക്കാൻ തുടങ്ങുമ്പോഴക്കും എന്താണൊരു ശബ്ദം കേൾക്കുന്നതായി തോന്നുന്നത്? ആകട്ടെ, നോക്കാം.

(അണിയറയിൽ)

ഭോഃ താത, ആരാണിത്?

സൂത്രധാരൻ:—ആവട്ടെ, മനസ്സിലായി:

കില്ലില്ലി, വനേൻറ ഭോശ്ശബ്ദ-
മെച്ചൊല്ലിനാലിതൊരന്തണൻ!
ഭീതനാകുന്നിതവനെ-
യേതോ പാതകി ധൃഷ്ടനായ്. 2

(അണിയറയിൽ)

ഭോഃ താത, ആരാണിത്?

സൂത്രധാരൻ.—ശരി, തികച്ചും മനസ്സിലായി. മദ്ധ്യമപാണ്ഡവൻെറ പുത്രനായി ഹിഡിംബിയാകുന്ന അരണിയിൽനിന്നു ജനിച്ച ഈ രാക്ഷസാഗ്നി നിരപരാധരായ ബ്രാഹ്മണജനങ്ങളെ ഭയപ്പെടുത്തുകയാണ്. അയ്യോ, കഷ്ടം കഷ്ടം, കളത്രപുത്രാനുഗതനായ ബ്രാഹ്മണൻെറ അവസ്ഥ! ഇവിടെയാകട്ടെ,

പരുഷനിശാചരൻ പിറകിലെത്തുകയാൽ തളരും
തരുണതനൂജരും പ്രിയയുമായ് ദ്വിജവൃദ്ധനിതാ,
പെരുവഴി പിന്തുടർന്നതിൽ വിരണ്ടു കിടാങ്ങളൊടൊ-
ത്തൊരു പത്നിയുക്തമാമെരുത്തുപോലുഴലുന്നു ഈലോകം. 3

(പോയി)

സ്ഥാപന കഴിഞ്ഞു.

(പിന്നെ മൂന്നു പുത്രന്മാരോടും ഭാര്യയോടുംകൂടി വൃദ്ധനായ കേശവദാസനും പിന്നാലെ ഘടോൽക്കചനും പ്രവേശിക്കുന്നു.)

വൃദ്ധൻ.— ഭോഃ, ആരാണിവൻ?

ബാലാതപാഭമുടി ചിന്നി, വിശാലപിംഗ-
ശ്രീലോചനം ഭ്രുകുടിചേർന്നു തിളങ്ങിടുന്നോൻ,
നൂലിട്ട കണ്ഠമൊട്ടു, മിന്നലൊടൊത്ത മേഘം
പോലുള്ളവൻ, പ്രളയകാലപിനാകിരൂപൻ? 4

ഒന്നാമൻ:—ഭോഃ താത, ആരാണിവൻ?

വിപുലപൃഥുലവക്ഷസ്സ്, ശ്യേനനക്ഷത്രനേത്രൻ,
കനകകപിശകേശൻ, മഞ്ഞയാം പട്ടുടുത്തോൻ,
ഇരുളൊളിനിറമൊത്തോൻ, പാണ്ഡുരോദ്വൃത്തദംഷ്ട്രൻ,
പനിമതികലയുംചേർന്ന കാർകൊണ്ടൽപോലെ? 5

രണ്ടാമൻ:—ഇവനാരാണ്?

തുമ്പിക്കയ്യതിർഭുജ, മഭ്രവർണ്ണ, മാന-
ക്കൊമ്പിന്നൊത്തകിറ, കലപ്പമൃക്കമായി
ജൃംഭിപ്പൂ ജ്വലിതഹുതാശദീപ്തിയോടേ
വമ്പിക്കും പുരഹരരോഷമെന്നപോലേ. 6

മൂന്നാമൻ:—അച്ഛാ, ആരാണ് നമ്മെ പീഡിപ്പിക്കുന്നത്?

പറവപ്പരിഷയ്ക്കു പക്ഷ-
ന്ദ്രു, ഉരുതരഗിരികൾക്കു കുലിശസംപാതം,
മൃഗസമുദായത്തിന്നോ
മൃഗപതി നരരെയ്ക്കുട്ടത്ത മൃത്യുവിവൻ! 7

ബ്രാഹ്മണി:—ആര്യ, നമ്മെ ഉപദ്രവിക്കുന്ന ഇവനാരാണ്?

ഘടോൽക്കചൻ:—ഹേ ബ്രാഹ്മണ, നില്ക്കു, നില്ക്കു.

സന്ത്രാസം തടവുന്ന ദാരസുതരെ-
പ്പാലിപ്പാൻ ശേഷികെ-
ട്ടെന്താണങ്ങു ഗമിച്ചിടുന്നതിവനെ-
പ്പേടിച്ചു നിർദ്ധൈര്യനായ്:
ഹന്താഖണ്ഡസുവർണ്ണപക്ഷപവന-
പ്രോദ്ധൂതകോപാഗ്നിയാൽ
വെന്താത്മീയകളത്രമൊത്തു വലയും
സർപ്പത്തിനെപ്പോലവേ? 8

ബ്രാഹ്മണ, പോകാൻപാടില്ല, പോകാൻ പാടില്ല.

വൃദ്ധൻ:—ബ്രാഹ്മണി, പേടിക്കേണ്ടാ; ഉണ്ണികളേ, പേടിക്കേണ്ടാ. വിവേകത്തോടുകൂടിയാണ് ഇവൻ സംസാരിക്കുന്നതു്.

ഘടോൽക്കചൻ:—(ആത്മഗതം) അയ്യോ, കഷ്ടം!

എല്ലാടവും ധരയിലെന്നുമതീവ പൂജ്യൻ
ചൊല്ലാർന്ന വിപ്രവരനെന്നറിവുണ്ടു; പക്ഷേ,
ഒല്ലാത്ത കാര്യമിതു,മമ്മ കഥിക്കയാൽ ഞാൻ
കില്ലാർന്നിടാതിഹ നടത്തണമെന്നു വന്നു. 9

വൃദ്ധൻ:—ബ്രാഹ്മണി, ഓർക്കുന്നില്ലേ, 'രാക്ഷസന്മാരുള്ള ഈ ദിക്കിൽ സൂക്ഷിച്ചുവേണം നടക്കാൻ' എന്നു ശ്രീമാൻ ജലക്ലിന്നമുനി പറഞ്ഞതു്? ആ ഭയംതന്നെയാ

ണ് നേരിട്ടിരിയ്ക്കുന്നതു്.

ബ്രാഹ്മണി:—എന്താണിപ്പോൾ ഇവിടുന്ന് ഒരു ക്ഷത്രിയനെപ്പോലെ കാണപ്പെടുന്നത്?

വൃദ്ധൻ:—ഭാഗ്യംകെട്ട ഞാൻ എന്തു ചെയ്യേണ്ടു?

ബ്രാഹ്മണി:—നമുക്കു നിലവിളിയ്ക്കാം.

ഒന്നാമൻ:—അമ്മേ, ആരുകേൾക്കാനാണ് നിലവിളിയ്ക്കുന്നതു്?

ഇരുൾനിറമിയലും മരങ്ങൾ ചാരം
പെരുതിടചേർന്നു, മൃഗദ്വിജങ്ങൾ തിങ്ങി,
പരമവിജനമായ കാടിതല്ലോ;
പരമിഹ ധീരജനങ്ങളേ വസിയ്ക്കൂ. 10

വൃദ്ധൻ:—ബ്രാഹ്മണി, ഭയപ്പെടേണ്ട, ഭയപ്പെടേണ്ട. 'ധീരജനങ്ങളേ വസിയ്ക്കൂ' എന്നു കേട്ടതിനാൽ, എനിയ്ക്കു പേടിതീർന്ന മട്ടായി. ഇവിടെയ്ക്കൊട്ടടുത്തായിരിയ്ക്കണം പാണ്ഡവാശ്രമം. പാണ്ഡവരാകട്ടെ,

ചൊൽക്കൊണ്ട യുദ്ധരത,രാശ്രിതവത്സലന്മാ,-
രുൾക്കൂറു ദീനരിലിയന്നവർ, കുസലരേറോർ,
ഇക്കണ്ട മാതിരിയിലുള്ള ഭയങ്കരന്മാ-
ർക്കൊക്കുന്ന ദണ്ഡമരുളാനിഹ ശേഷിയുള്ളോർ. 11

ഒന്നാമൻ:—അച്ഛാ, പാണ്ഡവന്മാർ അവിടെ ഇല്ലെന്നു തോന്നുന്നു.

വൃദ്ധൻ:—ഉണ്ണി, നീയെങ്ങിനെ അറിഞ്ഞു?

ഒന്നാമൻ:—ആ ആശ്രമത്തിൽനിന്നു വന്ന ഒരു ബ്രാഹ്മണൻ പറകയുണ്ടായി: ശതകുംഭം എന്ന യജ്ഞത്തിന്നായി ധൌമ്യമഹർഷിയുടെ ആശ്രമത്തിലേയ്ക്കു പോയിരിക്കുന്നു എന്നു്.

വൃദ്ധൻ:—അയ്യോ, നാം കൊല്ലപ്പെട്ടുപോയി!

ഒന്നാമൻ:—അച്ഛ, എല്ലാവരും പോയിട്ടില്ല; ആശ്രമരക്ഷയ്ക്കു മദ്ധ്യമനെ(ഭീമനെ) ഇവിടെ നിൎത്തിയിട്ടുണ്ടു്.

വൃദ്ധൻ:—എന്നാൽ പാണ്ഡവന്മാരെല്ലാവരുംതന്നെ ഇവിടെയുണ്ടല്ലൊ!

ഒന്നാമൻ:—അദ്ദേഹം ഇപ്പോൾ വ്യായാമത്തിന്നു ദൂരദിക്കിൽ പോയിരിക്കയാണത്രേ.

വൃദ്ധൻ:—അയ്യോ, നാം നിരാശരായി! ആവട്ടെ, ഉണ്ണി, ഞാൻ ഇവനോടു് അപേക്ഷിച്ചുനോക്കാം.

ഒന്നാമൻ:—വേണ്ട, ബുദ്ധിമുട്ടേണ്ട.

വൃദ്ധൻ:—ഉണ്ണി, ഏതവസ്ഥയിലും ആവാമല്ലോ പ്രാൎത്ഥന. ആവട്ടെ നമുക്കു നോക്കാം. (ഘടോൽക്കചനോടു്) ഹേ പുരുഷ, ഞങ്ങളെ വിട്ടയയ്ക്കുമോ?

ഘടോൽക്കചൻ:—വിടാം, കരാറുചെയ്യാൽ

വൃദ്ധൻ:—എന്താണു് കരാറ്?

ഘടോൽക്കചൻ:—എന്റെ അമ്മ ജീവിച്ചിരിപ്പുണ്ടു്; അവർ എന്നോടു് ആജ്ഞാപിച്ചിരിക്കുന്നു: 'മകനേ, എ

ഭിക്ഷ നോല്മ്പിന്റെ പാരണയ്ക്കു് ഒരു മനുഷ്യനെ ഈ കാട്ടിലെങ്ങാനും അന്വേഷിച്ചു കൊണ്ടുവരണം എന്നു്. അതിന്നു് അങ്ങയെ എനിക്കു കണ്ടുകിട്ടി.

ഇരുസുതരും സതിപത്നിയു-
മൊരുമിച്ചു ഭവാനെ വിട്ടയച്ചേക്കാം;
ഗുരുലഘുതാദികൾ ശരിയായ്
നിരൂപിച്ചു പിരിച്ചയയ്ക്കുകൊരു മകനെ. 12

വൃദ്ധൻ.—എടോ രാക്ഷസാധമ,

അറിവുള്ളോരു വൃദ്ധനായ ഞാൻ
നെറിവും നന്മയുമൊത്തൊരുണ്ണിയെ
പുരുഷാദനു നൽകിയിട്ടു തെ-
ല്ലൊരു സൌഖ്യം ഹഹ! നേടുമെങ്ങിനെ? 13

ഘടോൽക്കചൻ:—

ഒരു തനയനെയെന്നപേക്ഷയാൽ
തരമൊട്ടു വിട്ടുതരായ്കിലോ ഭവാൻ
ഉരമെഞ്ഞൊടിയിടയാൽ മുടിഞ്ഞുപോം
ധരണിസുരന്റെ, കുടുംബമൊത്തുതാൻ. 14

വൃദ്ധൻ:—ഇതാണ് എന്റെ നിശ്ചയം.

കൃതകൃത്യൻ, പഴക്കത്താൽ
സുതരാം ജീർണ്ണമെന്നുടൽ

സുതൎക്കുവേണ്ടി ഹോമിപ്പൻ
പിതൃമാതാശരാഗ്നിയിൽ. 15

ബ്രാഹ്മണി:—ആൎയ്യ, പാടില്ല, അതു പാടില്ല. ഭൎത്താവെന്നൊന്നു മാത്രമേ ഉള്ളുവല്ലോ പതിവ്രതയ്ക്കു്. അതിനാൽ ഫലം എടുത്തുകഴിഞ്ഞ ഈ ശരീരംകൊണ്ടു് ആൎയ്യനേയും വംശത്തേയും ഞാൻ രക്ഷിച്ചുകൊള്ളട്ടെ!

ഘടോൽക്കചൻ:—സ്ത്രീയല്ല അമ്മക്ക വേണ്ടത്.

വൃദ്ധൻ:—ഞാൻ പോരാം നിന്റെകൂടെ

ഘടോൽക്കചൻ:—ശരി, അങ്ങു കിഴവനാണു്; മാറിനില്ക്കൂ.

ഒന്നാമൻ:—അച്ഛാ, ഞാനൊന്നു പറയട്ടയോ?

വൃദ്ധൻ:—മകനേ, പറഞ്ഞുകൊൾക.

ഒന്നാമൻ:—

ഗുരുജീവനെയെന്റെ ജീവനാൽ-
പ്പരിരക്ഷിപ്പതിന്നാഗ്രഹിപ്പു ഞാൻ;
താവാടിത്തു കാക്കുവാൻ ഭവാൻ
വിരവോടെന്നെ വെടിഞ്ഞിടേണമേ! 16

രണ്ടാമൻ:—ജ്യേഷ്ഠ, അങ്ങിനെയല്ല;

ജ്യേഷ്ഠൻ പാരിൽക്കുലത്തിങ്കൽ
ശ്രേഷ്ഠനാവാം പിതൃപ്രിയൻ;
അതിനാൽ പോകുവൻ ഞാൻതാൻ;
സ്മരിച്ചു ഗുരുവൃത്തിയെ. 17

മൂന്നാമൻ—ജ്യേഷ്ഠന്മാരേ, അങ്ങിനെയല്ല:

ഉരിയാടുന്നു പിതാവിനു
ശരിയായി ജ്യേഷ്ഠനെ ശ്രുതിജ്ഞന്മാർ;
പരമതിനാൽ ഞാനല്ലോ
ഗുരുജീവിതരക്ഷ ചെയ്യേണ്ടോൻ. 18

ഒന്നാമൻ—ഉണ്ണി, അങ്ങിനെയല്ല.

മൂത്ത പുത്രൻ കരേറവനു
പേർത്താപത്താണ്ട താതനെ;
അതിനാൽ പോകുവൻ ഞാൻതാൻ
ഗുരുപ്രാണാവനത്തിനായ്. 19

വൃദ്ധൻ—ഏറെ പ്രിയപ്പെട്ട മൂത്ത മകനെ എനിക്കുപേക്ഷിപ്പാൻ വയ്യ.

ബ്രാഹ്മണി—മൂത്ത മകൻ ഇവിടെയ്ക്കു വേണമെന്നുള്ളതുപോലെ, ഇളയ മകൻ എനിക്കും വേണം.

രണ്ടാമൻ:—അച്ഛനമ്മമാർക്കു വേണ്ടാത്തവൻ, ഇനി ആർക്കു വേണം?

ഘടോൽക്കചൻ—എനിക്കു സന്തോഷമായി; വേഗം വരു.

രണ്ടാമൻ.—

ധന്യൻ ഞാൻ കരുതുവല്ലോ തൻ-
ജീവനാൽ ഗുരുജീവനെ!
ബന്ധുസ്നേഹത്തിനേക്കാളും
കാലസ്നേഹം സുദുർല്ലഭം. 20

ഘടോൽക്കചൻ—അമ്പോ, ഈ ബ്രാഹ്മണയുവാവിന്റെ
കുടുംബസ്നേഹം!

രണ്ടാമൻ—അച്ഛ, ഞാൻ അഭിവാദ്യം ചെയ്യുന്നു!

വൃദ്ധൻ—വരു വത്സ, മകനേ!

തൻപ്രാണനാലേ ഗുരുവത്സലൻ നീ
ഗുരുക്കൾതൻ പ്രാണനെ മാറിവാങ്ങി
അസംശയമന്മാർക്കനവാപ്യമാകു-
മാ ബ്രഹ്മലോകത്തിലണഞ്ഞുകൊൾക! 21

രണ്ടാമൻ—ഞാൻ അനുഗൃഹീതനായി. അമ്മേ, ഞാൻ അ
ഭിവാദ്യംചെയ്യുന്നു.

ബ്രാഹ്മണി—കുഞ്ഞേ, വളരെക്കാലം ജീവിച്ചിരിക്ക.

രണ്ടാമൻ—അനുഗൃഹീതനായി. ജ്യേഷ്ഠ, ഞാൻ അഭിവാദ്യം
ചെയ്യുന്നു.

ഒന്നാമൻ:—ഉണ്ണി, വരു വത്സ.

മുവകെയൊന്നു പുണർന്നിട്ടകന്നെ നൽ-
പ്പുരുഗുണങ്ങൾ പുണർന്നവനായ നീ;
പെരിയ നിന്നുടെ കീർത്തി പുണർന്നതായ്-
പ്പുരിലസിച്ചിട്ടമീയുലകാകവെയും. 22

രണ്ടാമൻ—ഞാൻ അനുഗൃഹീതനായി.

മൂന്നാമൻ.—ജ്യേഷ്ഠ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

രണ്ടാമൻ—നല്ലതു വരട്ടെ!

മൂന്നാമൻ— ഞാൻ അനുഗൃഹീതനായി.

രണ്ടാമൻ—(ഘടോൽക്കചനോട്) എടാ ഞാനൊന്നു പറയട്ടയോ?

ഘടോൽക്കചൻ—പറയൂ; പറയൂ; വേഗം!

രണ്ടാമൻ—ഈ കാട്ടിന്നുള്ളിൽ ജലമുണ്ടെന്നു തോന്നുന്നു. അതിൽ ചെന്നു പരലോകത്തേക്കു പോകുന്ന എന്റെ ദാഹം തീർക്കട്ടെ.

ഘടോൽക്കചൻ—ദൃഢനിശ്ചയക്കാരാ, പോയ്ക്കോളുക. അമ്മയ്ക്ക് ഊണിന്നു നേരം തെറ്റുന്നു. വേഗം വരണം.

രണ്ടാമൻ—അച്ഛാ, ഞാൻ പോകുന്നു! (പോയി)

വൃദ്ധൻ—ഹാ, ഹാ, നാം വഞ്ചിതരായി! നാം വഞ്ചിതരായിപ്പോയി!!

മുടികൾ മൂന്നിടചേർന്നു മനോജ്ഞമാം
പടി ലസിച്ച മദന്വയപർവതം,
നടുമുടിക്കുടവേറതിനാലകം
ചുട്ടമവസ്ഥ തുലോമൃതകുന്നു മേ. 23

അയ്യോ, മകനേ, നീ പോവുക തന്നെ ചെയ്തുവോ?

തരുണ, തരുണതാനുരൂപഭാസ്സേ,
പുതുനിയമാദ്ധ്യയനോൽക്ക, നീയിതിങ്കൽ,
കൊലമദകരി കുത്തിവീഴ്ത്തുമോമ-
ന്മലർമരമെന്നവിധം നശിച്ചുമന്നോ! 24

ഘടോൽക്കചൻ—ബ്രാഹ്മണക്കുട്ടി വൈകിക്കുന്നുവെല്ലോ! അമ്മക്ക് ഊണിന്നു നേരംതെറ്റുന്നു! എന്താണ് ചെയ്യേണ്ടത്? ആവട്ടെ, ഉപായം കണ്ടു. ഹേ ബ്രാഹ്മണ, അങ്ങയുടെ മകനെ വിളിക്കു.

വൃദ്ധൻ—രാക്ഷസമട്ടിലും കവിഞ്ഞതാണ് നിന്റെ സംസാരം!

ഘടോൽക്കചൻ—കോപിയ്ക്കയാണോ? ക്ഷമിയ്ക്കണേ, ക്ഷമിയ്ക്കണേ! ഇത് എന്റെ സ്വഭാവദോഷമാണ്. അങ്ങയുടെ മകന്നു പേരെന്താണ്?

വൃദ്ധൻ—ഇതും കേൾക്കാൻ വയ്യേ!

ഘടോൽക്കചൻ—ആവട്ടെ, ഹേ ബ്രാഹ്മണകുമാര, അങ്ങയുടെ സഹോദരന്നു പേരെന്ത്?

ഒന്നാമൻ—ആ സാധു 'മദ്ധ്യമ'നാണ്.

ഘടോൽക്കചൻ—മദ്ധ്യമൻ എന്നത് അദ്ദേഹത്തിന്നു യോജിച്ചതുതന്നെ. ഞാൻതന്നെ ചെന്നു വിളിച്ചുകൊള്ളാം. ഹേ, ഹേ, മദ്ധ്യമ, മദ്ധ്യമ, വേഗം വരിക.

(അനന്തരം ഭീമസേനൻ പ്രവേശിക്കുന്നു)

ഭീമസേനൻ—എയ്, ആരുടെയാണ് ഈ ഒച്ച!

ഉരത്തുപൊങ്ങുന്നു വിഹംഗനാദിയായ്
മരങ്ങളാൽ തിങ്ങിയടഞ്ഞ കാടിതിൽ
പരം കിരീടിസ്വരമോടു തുല്യമീ-
സ്വരം കരൾച്ചൂടുളവാക്കിടുന്നു മേ. 25

ഘടോൽക്കചൻ—ബ്രാഹ്മണക്കുട്ടി വൈകിക്കുന്നുവല്ലോ, അമ്മക്ക് ഊണിന്നു നേരംതെററുന്നു. എന്തുചെയ്യേണ്ടു? ആവട്ടെ, ഉറക്കേ വിളിക്കുകതന്നെ. ഹേ, മദ്ധ്യമ, വേഗംവരൂ.

ഭീമസേനൻ—ഏയ്, ആരാണിത്, ഈ കാട്ടിൽ എന്റെ വ്യായാമത്തിന്നു വിഘ്നം വരുത്തി മദ്ധ്യമ, മദ്ധ്യമ എന്നിങ്ങിനെ എന്നെ വിളിക്കുന്നത്? ആകട്ടെ, നോക്കാം. (ചുററിനടന്നുനോക്കിയിട്ട്) അഹോ, ദർശനീയനാണ് ഈ പുരുഷൻ! ഇവൻ,

സിംഹാസ്യൻ, സിംഹദംഷ്ട്രൻ, ദ്വിപഹനു, കപിശ-
ഭ്രൂയുഗൻ, ശ്യേനനാസൻ,
തേൻകണ്ണൻ, സ്നിഗ്ദ്ധമന്ദ്രസ്വരൻ, നിഴലിണയാ-
ർദ്ദീർഘലഃകശൻ, ബലാഢ്യൻ,
തോൾചീർത്തോൻ, കൈകൾനീണ്ടോൻ, ഗജവൃഷഭഗതൻ,
വജ്രമദ്ധ്യൻ, പൃഥൂര-
സ്സ്, ഏതോ വിശ്വൈകവീരന്നൊരു നിശചരിയിൽ-
ജ്ജാതനാം സൂനുതന്നെ! 26

ഘടോൽക്കചൻ—ബ്രാഹ്മണക്കുട്ടി വൈകിക്കുന്നുവല്ലോ. അമ്മയ്ക്കു് ഊണിന്നു നേരം തെററുന്നു. ഇനി എന്തു ചെയ്യേണ്ടു? ആകട്ടെ ഉറക്കെ വിളിക്കാം. ഹേ, ഹേ, മദ്ധ്യമ, വേഗംവരൂ!

ഭീമസേനൻ—ഇതാ, ഞാൻ വന്നു.

ഘടോൽക്കചൻ—(ആത്മഗതം) ഇതു ബ്രാഹ്മണകുട്ടിയല്ല
ല്ലോ. അമ്പോ, കാണേണ്ടുവൻതന്നെ ഈ പുരുഷൻ
ഇദ്ദേഹം,

ഘോരതരമര, തങ്കപ്പൊൻപനക്കൈകൾ, താർക്ഷ്യ-
ച്ചിറകൊളിവിരിമാറം പൂണ്ടു കണ്ഠീരവാംഗൻ,
കമലനവദളശ്രീലോചനൻ, വിഷ്ണുവാമോ!
മമ മിഴി കുളുരുന്നുണ്ടാഗതൻ ബന്ധുപോലെ. 27

(പ്രകാശം) ഹേ മദ്ധ്യമ, അങ്ങയെയാണ് ഞാൻ വിളിക്കു
ന്നത്.

ഭീമസേനൻ—അതുകൊണ്ടാണല്ലോ ഞാൻ വന്നത്.

ഘടോൽക്കചൻ—ഭവാനും മദ്ധ്യമനാണോ?

ഭീമസേനൻ—മററാരാളല്ല:

മദ്ധ്യമൻ ഞാനവദ്ധ്യർക്കു;
ദൃപ്തചിത്തർക്കു മദ്ധ്യമൻ;
മദ്ധ്യമൻ മന്നിനും; ഭദ്ര,
മദ്ധ്യമൻ സോദരർക്കുമേ. 28

ഘടോൽക്കചൻ—അങ്ങിനെയായിരിക്കാം.

ഭീമസേനൻ—അത്രമാത്രമല്ല:

മദ്ധ്യമൻ പഞ്ചഭൂതങ്ങൾ-
ക്കത്ര മന്നോർക്കു മദ്ധ്യമൻ;

മദ്ധ്യമൻ ഞാൻ ജനിയിലും;
മദ്ധ്യമൻ കർമ്മമേതിലും. 29

വൃദ്ധൻ:—(ആത്മഗതം)

'ഹേ മദ്ധ്യമാ' എന്നു വിളിച്ചമൂലം,—
മാമറ്റെട്ടുഴും പാണ്ഡവമദ്ധ്യമൻതാൻ
വീർയ്യത്തിനാൽ മൃത്യുവിൽനിന്നു നമ്മെ
വിടുത്തുവാനേറിഹ വന്നതാവാം! 30

മദ്ധ്യമൻ:—(പ്രവേശിച്ച്)

ഇഹ പൊയ്കയിലാചമിച്ചുടൻ
ഹഹ! ഞാൻതന്നെയെനിക്കു നൽകിനേൻ
അരവിന്ദപലാശസുന്ദരം
പരലോകത്തു സുദുർല്ലഭം ജലം. 31

(അടുത്തു ചെന്നിട്ട്) എടോ, ഞാനിതാ വന്നിരിക്കുന്നു.

ഘടോൽകചൻ:—ഭവാൻ ഇപ്പോഴെങ്കിലും വന്നുവല്ലോ. മദ്ധ്യമ, മദ്ധ്യമ, ഇതിലെ, ഇതിലെ.

വൃദ്ധൻ:—(ഭീമസേനന്റെ അടുക്കൽ ചെന്നിട്ട്) ഹേ മദ്ധ്യമ, ബ്രാഹ്മണകുടുംബത്തെ രക്ഷിക്കണേ!

ഭീമസേനൻ:—ഭയപ്പെടേണ്ട, ഭയപ്പെടേണ്ട. മദ്ധ്യമനായ ഞാൻ അഭിവാദ്യം ചെയ്യുന്നു.

വൃദ്ധൻ:—വായുവിനെപ്പോലെ ദീൎഘായുസ്സായിരിക്കുക!

ഭീമസേനൻ:—ഞാൻ അനുഗൃഹീതനായി. ഇവിടെയ്ക്കെന്താണ് ഭയം?

വൃദ്ധൻ:—കേട്ടാലും: കുരുരാജാവു യുധിഷ്ഠിരൻ പണ്ടു വാണിരുന്ന കുരുക്ഷേത്രത്തിലുള്ള യൂപഗ്രാമത്തിൽ വസിക്കുന്നവനും, മാഠരഗോത്രക്കാരനും കല്പശാഖാധ്യായിയുമായ കേശവദാസൻ എന്ന ഒരു ബ്രാഹ്മണനാണ് ഞാൻ, എന്റെ അമ്മാമനായിട്ടു, വടക്കേദിക്കിൽ ഉദ്യാമകഗ്രാമത്തിൽ, കൌശികഗോത്രക്കാരനായ യജ്ഞബന്ധു എന്നൊരാളുണ്ട്. അദ്ദേഹത്തിന്റെ ഉണ്ണിയുടെ ഉപനയനത്തിന്നു കുടുംബത്തോടുകൂടി പുറപ്പെട്ടിരിക്കയാണ് ഞാൻ.

ഭീമസേനൻ:—മാർഗ്ഗം ശുഭമായിബ്ഭവിക്കട്ടെ! എന്നിട്ടോ?

വൃദ്ധൻ:—എന്നിട്ട്, എന്നെ, ഇവൻ

കരിമുകിലെതിർഗാത്രൻ, സിംഹസല്ലീലയാനൻ,
സരസിജദളനേത്രൻ, രാക്ഷസൻ, രൂക്ഷദംഷ്ട്രൻ,
വെറിമയൊടിഹ യുഷ്മദ്രക്ഷർതൻ മുമ്പിൽവെച്ചീ-
പ്പരിജനസുതരോടേ കൊല്ലുവാൻ നേരിടുന്നു. 32

ഭീമസേനൻ:—ഇവൻ ബ്രാഹ്മണൎക്കു മാൎഗ്ഗവിഘ്നം വരുത്തി എന്നോ? ആകട്ടെ, ഇവനെ ഞാൻ നിഗ്രഹിച്ചേക്കാം. എടോ, നില്ല നില്ല.

ഘടോൽക്കചൻ.— ഇതാ ഞാൻ നില്ക്കുന്നു.

ഭീമസേനൻ.— എന്തിനാണ് നീ ബ്രാഹ്മണനെ ഉപദ്രവിക്കുന്നത്?

ധൃതദാരമനോജ്ഞകാന്തിയായ്,-
സ്സുതരായീടിന താരകങ്ങളാൽ
വൃതനാം ദ്വിജവൃദ്ധചന്ദ്രനെ-
ബ്ബത! ബാധിച്ചിതു രാഹുപോലെ നീ. 33

ഘടോൽക്കചൻ.— അതേ, രാഹുതാന്ന!

ഭീമസേനൻ.— ഹും,

അന്യലൌകികവിചാരനാകുമീ-
ന്നുത്തമദ്വിജനെ വിട്ടുകാൾകെടോ,
വൃത്രപത്നികളൊടൊപ്പമെന്തു തെ-
റ്റത്ര ചെയ്കിലുമവദ്ധ്യനാകയാൽ. 34

ഘടോൽക്കചൻ.— വിടില്ല.

ഭീമസേനൻ.— (ആത്മഗതം) എയ്, ഇവൻ ആരുടെ മകനായിരിക്കാം?

പട്ടാംഗമായാരിവനെൻ സഗർഭ്യർ-
ക്കൊട്ടുക്കെഴും നന്മ കവർന്നെടുത്തോൻ?
കുട്ടിക്കവന്നൊന്നിലു കാൺകയാൽ ഞാൻ
പെട്ടന്നു സൌഭദ്രനെയോർത്തിടുന്നേൻ. 35

(പ്രകാശം) എടോ വിട്ടേയ്ക്കുക.

ഘടോൽക്കചൻ—വിടില്ല.

വിട്ടുകെന്നു തുലോം മനസ്സാ-
ലൊപ്പാട്ടുമെന്നച്ഛനുരപ്പതാകിലും
വിടുകില്ലി,-വന,മ്മ ചൊന്നതിൻ
പടിയല്ലോ പിടികൂടി വിപ്രനെ. 36

ഭീമസേനൻ—(ആത്മഗതം) അമ്മ ചൊന്നതിൻപടി എന്നോ? ഹാ, ഇതു സാധു ഗുരുജനങ്ങളെ ശുശ്രൂഷിക്കുന്നവനാണ്.

അമ്മയത്രേ മനുഷ്യർക്കു
ദൈവതാധികദൈവതം;
അമ്മ ചൊന്നതിനാലല്ലോ
ഞങ്ങളീയൊരുമട്ടിലായ്. 37

(പ്രകാശം) എടോ, ഒന്നു ചോദിപ്പാനുണ്ട്.

ഘടോൽക്കചൻ—ചോദിച്ചോളൂ, ചോദിച്ചോളൂ. വേഗം!

ഭീമസേനൻ—ആരാണ് നിന്റെ അമ്മ?

ഘടോൽക്കചൻ—ഹിഡിംബി എന്ന രാക്ഷസി.

കുരുക്ഷമാപതികുലദീപമായ് ത്തുലോം
മഹത്തപവും തടവിന പാണ്ഡുപുത്രനാൽ
സനാഥയാസ്സുകൃതിനി: പൂർണ്ണരൂപനാം
സുധാംശുവാലുഡുഗണവീഥിപോലവേ. 28

ഭീമസേനൻ.--(ആത്മഗതം) എയ്, ഹിഡിംബിയുടെ മക
നാണോ ഇവൻ? ഇവന്നു ഗർവ്വം യുക്തംതന്നെ.

ബലവും, വടിവും, മനസ്സുറപ്പും,
പലതും താതരുടേതിനൊത്തിരിപ്പൂ;
നലമാക്ഷമിവന്നു ചിത്തമെന്തി-
നിലയിൽ പ്രാണിദയാവിഹീനമായീ? 39

(പ്രകാശം) എടോ, പുരുഷ, വിട്ടയക്കൂ.

ഘടോൽക്കചൻ:—വിടില്ല.

ഭീമസേനൻ:—ഹേ ബ്രാഹ്മണ, അങ്ങയുടെ മകനെ എടുത്തു കൊൾക. ഞാൻ പോയ്ക്കൊള്ളാം, ഇവന്റെകൂടെ.

രണ്ടാമൻ:—അതു പാടില്ല, അതു പാടില്ല!

പരിത്യജിച്ചേൻ മമ ജീവിതത്തെ-
ഗ്ഗുരുക്കൾതൻ പ്രാണനുവേണ്ടി മുദന്ന;
സുരൂപവാൻ യൌവനയുക്തനങ്ങു-
ന്നിരിക്കുമാറാക ധരാതലത്തിൽ! 40

ഭീമസേനൻ:—ആര്യ, അങ്ങിനെയല്ല! ഞാൻ ക്ഷത്രിയകുലത്തിൽ പിറന്നവനാണ്. പരമപൂജ്യനാണല്ലോ ബ്രാഹ്മണൻ. അതിനാൽ എന്റെ ശരീരംകൊണ്ടു ബ്രാഹ്മണശരീരം മാറിച്ചാങ്ങുവാൻ ഞാനാഗ്രഹിക്കുന്നു.

ഘടോൽക്കചൻ:—(ആത്മഗതം) എയ്, ഇയ്യാൾ ക്ഷത്രിയനാണോ? അതുകൊണ്ടാണ് കുറുമ്പ്. ആകട്ടെ, ഇ

യ്യാളെത്തന്നെ പിടിച്ചുകൊണ്ടുപോവാം. (പ്രകാശം)

ആരാണ് ഇദ്ദേഹത്തെ തടുത്തത്?

ഭീമസേനൻ:—ഞാൻ.

ഘടോൽക്കചൻ:—ഭവാനോ?

ഭീമസേനൻ:—അതേ.

ഘടോൽക്കചൻ:—എന്നാൽ, ഭവാൻതന്നെ പോരുക.

ഭീമസേനൻ:—പോരാം; ഞാൻ വീര്യബലങ്ങളും കുറഞ്ഞവനെ അനുഗമിയ്ക്കുകയില്ല; ശേഷിയുണ്ടെങ്കിൽ എന്നെ ബലാൽക്കാരേണ കൊണ്ടുപോയ്ക്കൊൾക.

ഘടോൽക്കചൻ:—ഞാനാരാണെന്നു ഭവാനു മനസ്സിലായോ?

ഭീമസേനൻ:—എന്റെ മകനാണെന്നറിയാം.

ഘടോൽക്കചൻ:—എന്താണ് ഞാൻ, ഭവാന്റെ മകനോ?

ഭീമസേനൻ:—ദേഷ്യപ്പെടുന്നുവോ? ഭവാൻ ക്ഷമിച്ചാലും, ക്ഷമിച്ചാലും. പ്രജകളൊക്കെ ക്ഷത്രിയരുടെ മക്കളാണെന്നു പറയും; അതുകൊണ്ടുമാത്രമാണ് ഞാൻ പറഞ്ഞത്.

ഘടോൽക്കചൻ:—ഭയപ്പെട്ടുള്ളവക്കുള്ള ആയുധം എടുത്തു!

ഭീമസേനൻ:—

നേരാണ്! ഞാൻ ഭയമറിഞ്ഞവനല്ല; നിന്റെ

ചാരത്തുനിന്നതറിവാൻ കൊതിയുണ്ടിദാനീം;

എന്താണിതിൻവടിവു? ചൊൽക; ഗുണാഗുണങ്ങൾ
ചിന്തിച്ചു ഭദ്ര, ഹിതമെങ്കിലെടുത്തുകൊള്ളാം!! 41

ഘടോൽക്കചൻ:—ഇതാ, ഭവാനു ഭയം ഞാനുപദേശിച്ചതു
രാം. ആയുധമെടുത്തുകൊൾക.

ഭീമസേനൻ:—ആയുധമോ? ഇതാ, എടുത്തിരിക്കുന്നു!

ഘടോൽക്കചൻ.—എന്തായുധം?

ഭീമസേനൻ:—

കനകത്തൂണുകളൊക്കൊപ്പം
കനത്ത,രിവധത്തിനായ്
ഉന്നിയുന്നീവലംകയ്യാ–
ണെന്നിക്കൊക്കൊന്നൊരായുധം. 42

ഘടോൽക്കചൻ:—ഇതു്, എന്റെ അച്ഛൻ ഭീമസേനന്നു
ചേരും!

ഭീമസേനൻ:—ആരാണു് ഈ ഭീമൻ എന്നവൻ?

ഭുവനസൃഷ്ടികരൻ, ഗിരിശൻ, രമാ–
ധവപുരന്ദരർ, ശക്തിധരൻ, യമൻ,
ഇവരിലാരൊടു ചേർത്തുപമിച്ചിടാം
തവ പിതാവിനെ?യോതുക ഭദ്ര, നീ! 43

ഘടോൽക്കചൻ:—എല്ലാവരോടും.

ഭീമസേനൻ:—ശരി, നുണയാണിതു്

ഘടോൽക്കചൻ:—എന്ത്, എന്ത്; നണയാണെന്നോ? ഭവാൻ എന്റെ അച്ഛനെ ആക്ഷേപിക്കുന്നു! (ആത്മഗതം) ആകട്ടെ, ഈ കൂററന്മരം പറിച്ചെടുത്തു പ്രഹരിക്കാം. (അങ്ങിനെ ചെയ്തിട്ട്) എയ്, ഇതുകൊണ്ടടിപ്പാൻ വയ്യ! എന്തു ചെയ്യേണ്ടു? ആകട്ടെ, ഉപായം കണ്ടു; ഈ പർവ്വതശൃംഗം പറിച്ചെടുത്തു പ്രഹരിക്കാം.

(പ്രകാശം)

ഗിരിതൻ മുടി ഞാനെറിഞ്ഞതേ
ത്വരിതം നിന്നുയിർകൊണ്ടു പോയിടും.

ഭീമസേനൻ:—

നരിയെക്കൊലയാന തീണ്ടുകി-
ല്ലരിശം തേടുകിലും വനാന്തരേ! 44

ഘടോൽക്കചൻ:—(ആത്മഗതം) എയ്, ഇതുകൊണ്ടും വയ്യ അടിപ്പാൻ! എന്തുചെയ്യേണ്ടു. ആകട്ടെ, ഉപായം കണ്ടു. (പ്രകാശം)

ഭീമസേനന്റെ പുത്രൻ ഞാൻ
ശ്രീമരുത്തിന്റെ പൌത്രനാം;
നേരിട്ടൊരുങ്ങിനിൽക്കു! കൈ-
പ്പോരിലില്ലെൻകിടക്കൊരാൾ. 45

(രണ്ടുപേരും ബാഹുയുദ്ധം ചെയ്യുന്നു.)

ഘടോൽക്കചൻ:—(ഭീമസേനനെ ബന്ധിച്ചിട്ട്)

കട്ടിച്ചങ്ങലയാൽത്തളച്ചോരു ഗജം
പോലെ,യെൻറെ കൈക്കുട്ടിലാ-
പ്പെട്ടിട്ടിങ്ങിനെയിന്നി, മൽഭുജബലം
തള്ളിഗ്ഗമിക്കും ഭവാൻ?

ഭീമസേനൻ:—(ആത്മഗതം) എയ്, ഇവൻ എന്നെ പിടിച്ചുകളഞ്ഞു! ഹേ സുയോധന, ശത്രുപക്ഷം വർദ്ധിച്ചുവരുന്നു; തക്ക കരുതൽ ചെയ്തുകൊൾക! (പ്രകാശം) എടോ പുരുഷ, ശ്രദ്ധിച്ചുകൊൾക

ഘടോൽക്കചൻ:—ഞാൻ ശ്രദ്ധിക്കുന്നുണ്ട്.

ഭീമസേനൻ:—(പിടിവിടുവിച്ചിട്ട്)

ഒട്ടുക്കങ്ങു കളഞ്ഞുകൊൾക ബലഗർ-
വ്വക്കൊന്നു കാണിക്കിലും;
തിട്ടം, വീര, തരിമ്പുമില്ല ഭുജയു-
ദ്ധത്തിൽ പരിക്ലാന്തി മേ. 46

ഘടോൽക്കചൻ:—(ആത്മഗതം) എയ്, ഇതുകൊണ്ടും വയ്യ പിടിപ്പാൻ. ഇനി എന്തുചെയ്യേണ്ടു? ആകട്ടെ, ഉപായം കണ്ടു. അമ്മ ഉപദേശിച്ചുതന്ന മായാപാശമുണ്ടല്ലോ; അതുകൊണ്ട് ബന്ധിച്ച് ഇയ്യാളെ കൊണ്ടുപോകാം. വെള്ളം എവിടെ കിട്ടും? ഹേ പർവ്വതമേ, കുറെ വെള്ളം! കൊള്ളാം, ഒഴുകുന്നു. (ആചമിച്ചു മന്ത്രം ജപിച്ചിട്ട്) (പ്രകാശം) ഹേ മനുഷ്യ,

ഉരത്തമായമയപാശബന്ധാൽ
പരം വശംകെട്ടിള കാതരയായ് നീ,
ഒരുത്സവത്തിൽ, കയർകൊണ്ടു കെട്ടി
മുറുക്കുമിന്ദ്രധ്വജമെന്നപോലാം. 47

(എന്നു മായകൊണ്ടു ബന്ധിക്കുന്നു.)

ഭീമസേനൻ:— (ആത്മഗതം) എയ്, എന്നെ മായാപാശം കൊണ്ടു കെട്ടിക്കഴിഞ്ഞുവോ! ഇനി എന്തു ചെയ്യേണ്ടു? മഹേശ്വരപ്രസാദത്താൽ ലഭിച്ച മായാപാശമോചനമന്ത്രമുണ്ടല്ലോ, അതു ജപിക്കാം. വെള്ളം എവിടെ കിട്ടും? ആകട്ടെ; (പ്രകാശം) ഹേ ബ്രാഹ്മണകുമാര, ആ കിണ്ടിയിലെ വെള്ളം ഇങ്ങു കൊണ്ടുവരൂ.

വൃദ്ധൻ:— ഇതാ വെള്ളം.

(ഭീമസേനൻ ആചമിച്ചു മന്ത്രം ജപിച്ചു മായയെ മോചിപ്പിക്കുന്നു.)

ഘടോൽക്കചൻ:— (ആത്മഗതം) അല്ലാ, പാശം വീണുപോയല്ലോ! ഇനി എന്തു ചെയ്യേണ്ടു? ആകട്ടെ; (പ്രകാശം) ഹേ പുരുഷ, മുൻചെയ്ത പ്രതിജ്ഞയെ ഓർമ്മിച്ചാലും.

ഭീമസേനൻ:— പ്രതിജ്ഞയെന്നോ, ഇതാ, ഞാൻ ഓർമ്മിക്കുന്നു. മുമ്പേ നടന്നുകൊൾക.

(രണ്ടുപേരും ചുറ്റിനടക്കുന്നു.)

വൃദ്ധൻ:— ഉണ്ണികളേ, നാം എന്തു ചെയ്യേണ്ടു? വൃകോദരൻ

ഇതാ, പോകുന്നു:

സീമാതിബാഹുബലവീൎയ്യമിണങ്ങുമുഗ്ര-
ധാമാംഗനാകിയ നിശാടനെ നേൎത്തടക്കി,
ശ്രീമാൻ കളിമ്പമൊടിതാ, നടകൊൾവു മന്ദം
ഭീമാരിയത്ര ഗണിയാതൊരു കാളപോലെ. 48

ഘടോൽക്കചൻ—ഇവിടെ നില്ക്കൂ. ഭവാൻ വന്ന വിവരം ഞാൻ അമ്മയെ അറിയിക്കട്ടെ.

ഭീമസേനൻ—ഓ, ചെല്ലൂ.

ഘടോൽക്കചൻ—(അടുത്തു ചെന്നു്) അമ്മേ, ഞാൻ ഘടോൽക്കചൻ അഭിവാദ്യം ചെയ്യുന്നു. ഇവിടുത്തെ ഭക്ഷണത്തിന്നു ചിരാഭിലഷിതനായ ഒരു മനുഷ്യനെ കൊണ്ടുവന്നിട്ടുണ്ടു്.

(പിന്നെ ഹിഡിംബി പ്രവേശിക്കുന്നു.)

ഹിഡിംബി—മകനേ, ചിരകാലം ജീവിച്ചിരിക്കുക. എങ്ങിനെയുള്ള മനുഷ്യനെയാണ് കൊണ്ടുവന്നിരിക്കുന്നതു്?

ഘടോൽക്കചൻ—അമ്മേ, പേരുകൊണ്ടുമാത്രം മനുഷ്യൻ; വീൎയ്യംകൊണ്ടു മനുഷ്യനല്ല.

ഹിഡിംബി—ബ്രാഹ്മണനാണോ?

ഘടോൽക്കചൻ—ബ്രാഹ്മണനല്ല.

ഹിഡിംബി—വൃദ്ധനാണോ?

ഘടോൽക്കചൻ—കിഴവനല്ല.

ഹിഡിംബി—ബാലനാണോ?

ഘടോൽക്കചൻ—ബാലനല്ല.

ഹിഡിംബി—എന്നാൽ ആയാളെ ഞാൻ നോക്കട്ടെ.

(രണ്ടുപേരും ചുററിനടക്കുന്നു)

ഹിഡിംബി—ഈ മനുഷ്യനെയാണോ, കൊണ്ടുചെന്നിരിക്കുന്നത്?

ഘടോൽക്കചൻ—അമ്മേ, ആരാണിത്?

ഹിഡിംബി—ഭ്രാന്താ ഈശ്വരനാണിത്.

ഘടോൽക്കചൻ—ഹും, ആർക്ക് ഈശ്വരൻ?

ഹിഡിംബി—നിനക്കും എനിക്കും!

ഘടോൽക്കചൻ—എന്താണുറപ്പ്?

ഹിഡിംബി—ഇതുതന്നെ ഉറപ്പ്! ആര്യപുത്രൻ ജയിച്ചാലും.

ഭീമസേനൻ (നോക്കിയിട്ട്) ഇവളാരാണ്? എന്ത്, ഹിഡിംബീദേവിയോ!

നാട്ടു കൈവിട്ടു കൊടുതാം
കാട്ടു ചുററി നടക്കവേ,
ദേവി, ഞങ്ങൾക്കു നീയല്ലോ
മാൽവിടുർത്തി ദയാർദ്രയായ്. 49

ഹിഡിംബി, ഇതെന്താണ്?

ഹിഡിംബി—(ചെവിയിൽ) ഇങ്ങിനെയൊക്കെയാണ്.

ഭീമസേനൻ.—(ആത്മഗതം) ജാതിയിൽ രാക്ഷസി; ആചാരത്തിലല്ല.

ഹിഡിംബി.—ഭ്രാന്ത, അച്ഛനെ വന്ദിക്കൂ.

ഘടോൽക്കചൻ.—അച്ഛ, ധാൎത്തരാഷ്ട്രകാടിനു കാട്ടുതീയായ ഞാൻ, ഘടോൽക്കചൻ അഭിവാദ്യം ചെയ്യുന്നു. പുത്രന്റെ ചാപല്യം ക്ഷമിക്കേണമേ!

ഭീമസേനൻ:—മകനേ, വരു വരൂ. തട്ടിക്കയറിയതിൽ സന്തോഷമേയുള്ളൂ! (എന്നു് ആശ്ലേഷിച്ചിട്ടു്) ധാൎത്തരാഷ്ട്രകാടിനു കാട്ടുതീയായ മകൻതന്നെയാണ് അച്ഛന്മാൎക്കു വേണ്ടതു്. മകനേ, നീ അതിബലപരാക്രമിയായി ഭവിച്ചാലും!

ഘടോൽക്കചൻ.—ഞാൻ അനുഗൃഹീതനായി.

വൃദ്ധൻ.—അല്ലാ ഭീമസേനന്റെ മകൻ ഘടോൽക്കചനാണോ ഇതു്.

ഭീമസേനൻ. മകനേ, ശ്രീമാൻ കേശവദാസനെ അഭിവാദ്യം ചെയ്യൂ.

ഘടോൽക്കചൻ—ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

വൃദ്ധൻ.—അച്ഛനെപ്പോലെ ഗുണകീൎത്തിമാനായി ഭവിച്ചാലും!

ഘടോൽക്കചൻ.—ഞാൻ അനുഗൃഹീതനായി.

വൃദ്ധൻ.—ഹേ വൃകോദര, ഭവാൻ എന്റെ വംശത്തെ രക്ഷിച്ചു; സ്വന്തം വംശത്തെ ഉയൎത്തുകയും ചെയ്തു. ഇനി, ഞങ്ങൾ പോകട്ടെ.

ഭീമസേനൻ.—

ഇതൊക്കെയും യുഷ്മദനുഗ്രഹത്താ-
ലത്രേ നിതാന്തം ശുഭമായ്ച്ചമഞ്ഞു;
അടുക്കലാണാശ്രമമസ്മദീയ;-
മതിങ്കലദ്ധ്വവ്യഥ തീൎത്തുപോകാം. 50

വൃദ്ധൻ.—ആതിത്ഥ്യം ഈ പ്രാണദാനത്താൽ ചെയ്തു കഴിഞ്ഞിരിക്കുന്നു. അതിനാൽ ഞങ്ങളിനി പോകട്ടെ

ഭീമസേനൻ—ഭവാൻ പുനർദ്ദൎശനത്തിന്നായി കുടുംബത്തോടൊരുമിച്ചു പോയിക്കൊള്ളുക.

വൃദ്ധൻ.—കൊള്ളാം, അങ്ങിനെതന്നെ. (കേശവദാസൻ ഭാൎയ്യാപുത്രന്മാരൊന്നിച്ചു പോയി)

ഭീമസേനൻ.—ഹിഡിംബി, ഇതിലെ, ഉണ്ണി, ഘടോൽകച, ഇതിലെ. ശ്രീമാൻ കേശവദാസനെ ആശ്രമദ്വാരംവരെയെങ്കിലും നമുക്കനുയാത്ര ചെയ്യാം.

(ഭരതവാക്യം)

പരമാണുകങ്ങൾക്കു കടൽപോലെയും, പലേ
തരമാഹുതികൾക്കു ഹുതഭുക്കുപോലെയും,
കരണത്തിനൊക്കെ മനമെന്നപോലെയും,
ശരണം നമുക്കു ഭഗവാൻ ജനാർദ്ദനൻ! ൫൧

(എല്ലാവരും പോയി)

മദ്ധ്യമവ്യായോഗം സമാപ്തം.

B 116

ERSITY L
25 JUL 19
MADRAS

MUL
051130